**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 908** **29-06-2026-ൽ മറുപടിയ്ക്ക്**

**പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

**മറുപടി:** കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ- ചെനക്കൽ ബൈപ്പാസിന് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച അലൈൻമെന്റ് അംഗീകരിക്കുന്നതിന് സമർപ്പിച്ചിരുന്നു. എന്നാൽ IRC മാനദണ്ഡങ്ങൾ പ്രകാരമുള്ള ഗ്രേഡിയന്റ് ലഭ്യമല്ലാത്തതിനാൽ CTE അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്താൻ നിർദേശിച്ചു. ഗ്രേഡിയന്റിൽ ഇളവുകൾ ആവശ്യപ്പെട്ട് കത്ത് സമർപ്പിച്ചെങ്കിലും CTE ഓഫീസിൽ നിന്നും, അധികഭൂമി ഏറ്റെടുത്ത് ബദൽ പ്രൊപ്പോസൽ സമർപ്പിക്കണമെന്ന നിർദേശം ലഭിച്ചു. നിലവിലുള്ള അലൈൻമെന്റിൽ ഗ്രേഡിയന്റെ കറക്ഷൻ ഫലപ്രദമാവുകയില്ല. 5 കിലോമീറ്റർ ചുറ്റളവിൽ സമാനസ്വഭാവമുള്ള നാല് റോഡുകൾ ഉണ്ടെങ്കിലും അവിടെയും ഗ്രേഡിയന്റ് കറക്ഷൻ സാധിക്കുകയില്ല. ആയതിനാൽ പുതിയ അലൈൻമെന്റ് നിശ്ചയിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഭൂമി ഏറ്റെടുക്കൽ നടപടി കാലഹരണപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തിക്ക് ഐ.ആർ.സി. മാനദണ്ഡ പ്രകാരമുള്ള പുതിയ അലൈമെന്റിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; പ്രവൃത്തിയ്ക്ക് ആവശ്യമായി വരുന്ന സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാര തുക നൽകുന്നത് ഉൾപ്പെടെയുള്ള പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന തുകയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** അംഗീകാരം നൽകിയിട്ടില്ല. സ്ഥല ലഭ്യത കുറവ് മൂലം ഗ്രേഡിയന്റ് കറക്ഷൻ നൽകുന്നതിന് സാധ്യമല്ലാത്തതിനാൽ പ്രവൃത്തിയ്ക്ക് അലൈൻമെന്റിന് അനുമതി ലഭ്യമായിട്ടില്ല. പുതിയ അലൈൻമെന്റ് നിശ്ചയിച്ച് കഴിഞ്ഞാൽ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ ഭൂമി

ഏറ്റെടുക്കൽ നടപടി കാലഹരണപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**